DESPATCHED on 01/3/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2115(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17332/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 25**

ശ്രീ. പ്രീജിത്ത് കെ.പി.,
S/o ഗോകുൽ ദാസ്,
സി 4965, സെൻട്രൽ ജയിൽ,
തിരുവനന്തപുരം – 695 012. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സെൻട്രൽ ജയിൽ, കറക്ഷണൽ ഹോം
പള്ളിക്കുന്ന് പി.ഒ., കണ്ണൂർ – 670 004.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
(ഉത്തരമേഖല),
ഉത്തരമേഖല ജയിൽ ഡി.ഐ.ജി.യുടെ കാര്യാലയം,
ബൈപാസ് റോഡ്, ജയിൽ ക്യാമ്പസ്,
പുതിയറ പി.ഒ., കോഴിക്കോട് – 673 004. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/06/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 26/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/09/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/09/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17/11/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/12/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/01/2023 |

## ഉത്തരവ്

ശ്രീ. പ്രീജിത്ത് കെ.പി., ബഹു. തിരുവനന്തപുരം സെഷൻസ് കോടതി ജഡ്ജി മുഖേന കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 2, 4, 7, 8, 9 ഇനങ്ങളിലായി ആവശ്യപ്പെട്ട വിവരം നൽകിയില്ല എന്നും അപ്പീൽ അധികാരിയുടെ മേൽവിലാസം തെറ്റായി നൽകി എന്നുമാണ് ഹർജിക്കാരന്റെ രണ്ടാം അപ്പീലിലെ

ആക്ഷേപം. ടിയാൻ 2, 4, 7 ഇനങ്ങളിലായി ആവശ്യപ്പെട്ടത് കണ്ണൂർ സെൻട്രൽ ജയിൽ വെൽഫെയർ ഓഫീസർ ശ്രീമതി മാൻസി സി.പരീത് ടിയാനെതിരെ 08.2.2020 മുതൽ 27.04.2022 വരെ കണ്ണൂർ സെൻട്രൽ ജയിലിൽ സമർപ്പിച്ച പരാതികളുടെ നേർപകർപ്പ്, അപേക്ഷകനെതിരെ സമർപ്പിച്ച എല്ലാ രേഖകളുടെയും നേർപ്പകർപ്പ്. ടിയാനെതിരെ സമർപ്പിച്ച എല്ലാ പരാതികളുടെയും ഒന്നിച്ച് ഹാജരാക്കിയ മുഴുവൻ രേഖകളുടെയും നേർപ്പകർപ്പ് എന്നിവയാണ്. 8, 9 എന്നീ ഇനങ്ങളിലായി ആവശ്യപ്പെട്ടത് കണ്ണൂർ സെൻട്രൽ ജയിൽ വെൽഫെയർ ഓഫീസർ ശ്രീമതി മാൻസി സി.പരീത് 8.2.2020 മുതൽ 27.4.2022 വരെ കണ്ണൂർ സെൻട്രൽ ജയിലിൽ അപേക്ഷകനെതിരെ സമർപ്പിച്ച എല്ലാ പരാതികളുടെയും അന്വേഷണ റിപ്പോർട്ടുകൾ, എല്ലാപരാതികളുടെയും നടപടി റിപ്പോർട്ടുകൾ എന്നിവയാണ്.

2. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 20.6.2022-ന് 2, 4, 7, 8, 9 എന്നീ ഇനങ്ങളിൽ നൽകിയ മറുപടിയിൽ വിവരാവകാശ നിയമം വകുപ്പ് 11(1) പ്രകാരം മൂന്നാംകക്ഷി തന്റെ ജീവനും സ്വകാര്യതയ്ക്കും ഭീഷണിയുണ്ടെന്നും ആയതിനാൽ വിവരം നൽകുന്നതിൽ വിയോജിപ്പ് ഉണ്ടെന്ന് രേഖാമൂലം അറിയിച്ചതിനാൽ ടി വിവരം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിരുന്നു. ഇതേ തുടർന്ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിക്കുകയും എസ്.പിഐ.ഒ.യുടെ മറുപടി ശരിവച്ച് 3.09.2022-ൽ എസ്.പി.ഐ.ഒ. & ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് ഉത്തരമേഖല, കോഴിക്കോട് അപ്പീൽ തീർപ്പാക്കിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 9.01.2023 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ പ്രീജിത്ത് ബഹു. കോഴിക്കോട് ജില്ലാ സെഷൻസ് കോടതി ജീവപര്യന്തം തടവ് ശിക്ഷയ്ക്ക് വിധിച്ച് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് അയച്ച പ്രതിയാണെന്നും ഒരു വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യത്തിനും ഹാനികരമായി കണ്ട് ടിയാന്റെ അപേക്ഷ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ട ഒന്നായി കരുതുന്നില്ല. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് മുഖാന്തിരം കൃത്യ സമയത്ത് തന്നെ ടിയാന് മറുപടി നൽകിയിട്ടുള്ളതാണെന്നും കൂടാതെ ഹർജിക്കാരൻ കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ വെൽഫെയർ ഓഫീസറെ വ്യക്തിപരമായി അപമാനിക്കുകയും, ഭീഷണിപ്പെടുത്തുകയും, സ്ത്രീത്വത്തെ അവഹേളിക്കുകയും ചെയ്തതിനാലാണ് ടിയാനെതിരെ വിശദമായി അന്വേഷണം നടത്തി നടപടി കൈക്കൊണ്ടതെന്നും അതുമായി ബന്ധപ്പെട്ട രേഖകൾ ടിയാൻ കൈക്കലാക്കുന്നത് വീണ്ടും വെൽഫെയർ ഓഫീസറെ വ്യക്തിഹത്യ നടത്തുന്നതിനും സ്ത്രീത്വത്തെ അപമാനിക്കുന്നതിനുമാണെന്ന് മനസ്സിലാക്കിയാണ് പ്രസ്തുത റിപ്പോർട്ടുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് മൂന്നാം കക്ഷിയായ ശ്രീമതി മാൻസി

സി.പരീത് എന്നവർക്ക് നോട്ടീസ് നൽകിയത് എന്നും നോട്ടീസിന് മറുപടിയായി ശ്രീമതി മാൻസി സി.പരീത് ഇതുമായി ബന്ധപ്പെട്ട് രേഖകൾ നൽകുന്നത് അവരുടെ ജീവനേയും സ്വകാര്യതയേയും സാരമായി ബാധിക്കുമെന്നും ആയതിനാൽ രേഖകൾ നൽകുന്നത് ഒഴിവാക്കണമെന്നും രേഖാമൂലം മറുപടി തന്നിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരൻ തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാരനായി കഴിയുമ്പോഴും വെൽഫെയർ ഓഫീസറായ ശ്രീമതി മാൻസി സി.പരീത് എന്നവരെ അപായപ്പെടുത്താൻ സാധ്യതയുണ്ടെന്ന് അറിയിച്ചുകൊണ്ട് ടി ഓഫീസിലെ വെൽഫെയർ ഓഫീസറായ ശ്രീമതി മാൻസി സി.പരിത് എന്നവർക്ക് 20.10.2022 തീയതി എഴുതപ്പെട്ട പേര് വയ്ക്കാത്ത ഒരു ഭീഷണി കത്ത് ലഭിച്ചിരുന്നെന്നും അത് കണ്ണൂർ സെൻട്രൽ പ്രിസൺ മുഖാന്തിരം ജയിൽ വകുപ്പ് മേധാവിക്ക് റിപ്പോർട്ട് ചെയ്യുകയും അതിന്മേൽ തുടരന്വേഷണം നടത്തുന്നതിനായി കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കൈമാറുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും രണ്ടാം എതിർകക്ഷി നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന് വിവരാവകാശ അപേക്ഷയിൻമേൽ നൽകിയ മറുപടി ന്യായീകരിക്കത്തക്കതാണെന്നു കമ്മീഷൻ കാണുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 11(1) വകുപ്പു പ്രകാരവും 8(1) (ജി) വകുപ്പു പ്രകാരവും ടിയാന് നൽകേണ്ടതില്ലായെന്ന എതിർകക്ഷികളുടെ തീരുമാനം അംഗീകരിച്ച് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി 25-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

us